शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**505**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015-'16

## സാമൂഹ്യശാസ്ത്രം

**ക്ലാസ്സ് V** **സമയം: 2 മണിക്കൂർ**

**നിർദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

**1** സൂര്യനും സൂര്യനെ ചുറ്റുന്ന ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും ഉൾപ്പെട്ടതാണ് സൗരയൂഥം

A. ഗ്രഹങ്ങൾ എന്നാൽ എന്താണ്?

B. സൗരയൂഥത്തിലെ ഗ്രഹങ്ങളെ സൂര്യനിൽ നിന്നുള്ള അകലത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി എഴുതുക.

C. സൗരയൂഥത്തിൽ ഉപഗ്രഹങ്ങളില്ലാത്ത ഗ്രഹം ഏതാണ്?

**2** 2006 ഓഗസ്റ്റിൽ പ്ലൂട്ടോയുടെ ഗ്രഹപദവി നീക്കി, അതിനെ കുള്ളൻ ഗ്രഹമായി പ്രഖ്യാപിച്ചു.

A. ഒരു ആകാശഗോളം ഗ്രഹമായി പരിഗണിക്കപ്പെടണമെങ്കിൽ അതിന് എന്തൊക്കെ പ്രത്യേകതകൾ വേണം?

B. ഭൂമിയിൽ മാത്രം ജീവൻ നിലനിൽക്കാൻ കാരണമെന്ത്?

**3** ഭൂമിയിൽ സമുദ്രങ്ങൾക്കിടയിലായി സ്ഥിതി ചെയ്യുന്ന അതിവിശാലമായ കരഭാഗങ്ങളാണ് വൻകരകൾ.

A. ഏഷ്യാ വൻകരയുടെ ഏതെങ്കിലും നാല് സവിശേഷതകൾ എഴുതുക?

B. ലോകത്തിലെ ഏറ്റവും വലിയ പർവ്വതനിര ഏതാണ്?

**4** ഗോത്രങ്ങൾ തമ്മിലുള്ള കലഹങ്ങളും പുതിയ ഗോത്രങ്ങളുടെ ഉത്ഭവവും ജനസംഖ്യാ വർദ്ധനവും ഗംഗാ സമതലത്തിൽ ആര്യന്മാർ എത്തിച്ചേരുന്നതിന് കാരണമായി.

A) ഏത് കാലഘട്ടത്തിലാണ് ആര്യന്മാർ ഗംഗാ സമതലത്തിൽ എത്തിച്ചേർന്നത്?

B) ഗംഗാ സമതലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

C) ആര്യന്മാരെ കാർഷിക പുരോഗതിയിലേക്ക് നയിച്ച കണ്ടുപിടിത്തം എന്തായിരുന്നു?

5 കുടുംബ ബജറ്റുകൾ വ്യത്യസ്തമാകുന്നതിന്റെ അടിസ്ഥാനം വരുമാനത്തിലും ചെലവിലും ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളാണ്.

A. മൂന്ന് കുടുംബങ്ങളുടെ വരവ് ചെലവ് കണക്കുകൾ താഴെകൊടുത്തിരിക്കുന്നു.

കുടുംബം 1

| വരവ് | ചെലവ് | |
|---|---|---|
| 20000 | ആഹാരം | 10000 |
| | വസ്ത്രം | 1000 |
| | ചികിത്സ | 2000 |
| | വിദ്യാഭ്യാസം | 1000 |
| | വിനോദയാത്ര | 5000 |
| | ഫോൺ, പത്രം | 2000 |
| ആകെ | | 21000 |

കുടുംബം 2

| വരവ് | ചെലവ് | |
|---|---|---|
| 16000 | ആഹാരം | 8000 |
| | വസ്ത്രം | 1000 |
| | ചികിത്സ | 1500 |
| | വിദ്യാഭ്യാസം | 1500 |
| | വിനോദയാത്ര | 500 |
| | ഫോൺ, പത്രം | 1500 |
| ആകെ | | 14000 |

കുടുംബം 3

| വരവ് | ചെലവ് | |
|---|---|---|
| 15000 | ആഹാരം | 8000 |
| | വസ്ത്രം | 2000 |
| | ചികിത്സ | 2000 |
| | വിദ്യാഭ്യാസം | 1000 |
| | വിനോദയാത്ര | 1500 |
| | ഫോൺ, പത്രം | 1500 |
| ആകെ | | 16000 |

A. പട്ടിക പരിശോധിച്ച് ഏതു കുടുംബത്തിനാണ് പണം മിച്ചം വെയ്ക്കാൻ കഴിയുന്നത് എന്ന് കണ്ടെത്തി എഴുതുക?

B. മറ്റ് രണ്ട് കുടുംബങ്ങൾക്കും പണം മിച്ചം വെയ്ക്കാൻ കഴിയാതിരുന്നതിന്റെ രണ്ട് കാരണങ്ങൾ എഴുതുക.

C. മിതവ്യയശീലം വളർത്താൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയും.